"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - O. A. 1796/2021 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 29.09.2021 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.662/2022/LSGD തീയതി,തിരുവനന്തപുരം, 18-03-2022

---

പരാമർശം:-

1. ശ്രീ.വി.എസ്.അനുസചേതനന്റെ 04.10.2021 - ലെ അപേക്ഷ
2. O. A. 1796/2021 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 29.09.2021 ലെ വിധിന്യായം
3. പഞ്ചായത്ത് ഡയറക്ടറുടെ 04.03.2022-ലെ PAN/12440/2021 – E1 (DP) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ അനുസചേതനൻ വി.എസ്. , എന്നവർ ടിയാളെ കള്ളിക്കാട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ ബഹു . ട്രിബ്യൂണൽ മുൻപാകെ O.A.1796/2021 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്മേൽ ബഹു. ട്രിബ്യൂണൽ പരാമർ ശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ചുവടെ ചേർക്കുന്നു.

".... the Orginal Application is hereby disposed of by directing the first respondent to consider and to take an appropriate decision on Annexure - A3 representation with respect to transfer of the applicant ordered under Annexure - A2, taking note of the observations contained herein above. Such a decision shall be taken at the earliest possible, at any rate, within a period of one month from the date of receipt of the copy of this order.

Since it is submitted that the applicant has not relieved so far from Kalliyoor Grama Panchayat, he shall be ratained there till a decision is taken by the Government on the basis of the direction issued as above."

2. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച വിഷയം പഞ്ചായത്ത് ഡയറക്ടറുടെ അധികാര പരിധിയിൽ വരുന്നതിനാൽ, ബഹു.ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം നടപടി റിപ്പോർട്ട് സമർപ്പിച്ചു.

3. പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ 23/09/2021 ലെ PAN/11/2021-E11(DP) നമ്പർ നടപടിക്രമം പ്രകാരം ശ്രീ.അനുസചേതനൻ വി.എസ്., നെ കള്ളിക്കാട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് ഭരണസൗകര്യാർത്ഥം സ്ഥലംമാറ്റികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ടി വിഷയത്തിൽ കല്ലിയൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 24/09/2021 തീയതി കൂടിയ അടിയന്തിര കമ്മറ്റിയുടെ 2(1) നമ്പർ തീരുമാനം പ്രകാരം ടി പഞ്ചായത്തിലെ സെക്രട്ടറിയായ ശ്രീ.അനുസചേതനൻ വി.എസ്., നെ കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ നിലനിർത്തണമെന്ന് അഭ്യർത്ഥിച്ചകൊണ്ട് കമ്മിറ്റി തീരുമാനം കൈകൊള്ളുകയുണ്ടായെന്നും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് പാലിച്ചുകൊണ്ട് ശ്രീ.അനുസചേതനൻ വി.എസ്., നെ കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ നിലനിർത്തിയിരുന്നുവെന്നും തൃശ്ശൂർ ജില്ലയിലെ വേളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.ശ്യാമകുമാരൻ ആർ., നെ Queue പ്രകാരം കല്ലിയൂർ ഗ്രാമ പഞ്ചായത്തിലേയ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ 23/09/2021 ലെ PAN/11/2021-E1(DP) നമ്പർ നടപടിക്രമം പ്രകാരം സ്ഥലംമാറ്റിയിരുന്നത് പഞ്ചായത്ത് ഡയറക്ടറുടെ 10/10/2021 ലെ PAN/11/2021-E1(DP) നമ്പർ നടപടിക്രമം പ്രകാരം പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിലേയ്ക്ക് പുനർനിയമനം നൽകിയിട്ടുള്ളതാകുന്നുവെന്നും ശ്രീ.അനുസചേതനൻ വി.എസ്., നെ പഞ്ചായത്ത് ഡയറക്ടറുടെ 23/09/2021 ലെ PAN/11/2021-E1(DP) നമ്പർ നടപടിക്രമം പ്രകാരം സ്ഥലംമാറ്റിയ കള്ളിക്കാട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ 10/10/2021 ലെ PAN/11/2021-E1(DP) നമ്പർ നടപടിക്രമം പ്രകാരം ശ്രീമതി.മീര എൻ. മേനോൻ എന്നവർക്ക് പുനർനിയമനം നൽകിയിട്ടുള്ളതാകുന്നുവെന്നും തുടർന്ന് ശ്രീ.അനുസചേതനൻ വി.എസ്., ടിയാളെ കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും താമസസ്ഥലത്തിനു സമീപമുള്ള ആനാട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിക്കുകയുണ്ടായി എന്നും കൂടാതെ ശ്രീ. അനുസചേതനൻ വി.എസ്., അവധിയിൽ പ്രവേശിച്ചിരിക്കുന്നതിനാൽ പദ്ധതി നിർവ്വഹണം സുഗമമായി നടത്തുന്നതിനു അടിയന്തിരമായി മറ്റൊരു സെക്രട്ടറിയെ നിയമിക്കണമെന്ന് കാണിച്ച് കല്ലിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അനുസചേതനൻ വി.എസ്., ന്റെ അപേക്ഷയും കല്ലിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും പരിഗണിച്ച് ഹർജികക്ഷിക്കാരനെ ടിയാന്റെ താമസസ്ഥലത്തിനു സമീപമുള്ള വിതുര ഗ്രാമ പഞ്ചായത്തിലേയ്ക്ക് 18/12/2021 ലെ PAN/11/2021-E1(DP) നമ്പർ നടപടിക്രമം പ്രകാരം സ്ഥലംമാറ്റികൊണ്ട് നിയമിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ഈ വിഷയത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ശ്രീ. അനുസചേതനൻ വി.എസ്., എന്നവരെ കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായി നിലനിർത്തിയിരുന്നു എന്ന വസ്തുത പരിഗണിച്ചും ടിയാന്റെ അപേക്ഷ പ്രകാരമാണ് ശ്രീ. അനുസചേതനനെ പഞ്ചായത്ത് ഡയറക്ടർ ടിയാന്റെ താമസസ്ഥലത്തിനു സമീപമുള്ള വിതുര ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുള്ളത് എന്ന വസ്തുത കണക്കിലെടുത്തും അപേക്ഷകൻ സമർപ്പിച്ച അനക്ഷർ - A3 യിലെ നിവേദകന്റെ വാദങ്ങൾ പരിഹരിച്ചിട്ടുണ്ട് എന്ന് കാണുന്നതിനാൽ അപ്രകാരം ബഹു.ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് നടപ്പാക്കിയതായി കണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. അനുസചേതനൻ വി. എസ്, മുൻ സെക്രട്ടറി, കല്ലിയൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ

മുഖാന്തിരം)

2. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

5. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം

6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/139/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Sudheer S S**

**Date: 19-03-2022 09:59:01**

സെക്ഷൻ ഓഫീസർ